"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ.അഖിൽ കെ. അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.23/2024/TAXES തീയതി,തിരുവനന്തപുരം, 06-01-2024

---

പരാമർശം:-
1. 16.10.2020-ലെ സ.ഉ.കൈ.നം.87/2020/നി.വ
2. 16.10.2020- ലെ സ.ഉ.കൈ.നം.88/2020/നി.വ
3. ശ്രീ അഖിൽ.കെ ബഹു.എക്സൈസ് വകുപ്പ് മന്ത്രിയ്ക്ക് 22.04.2023- ൽ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ സേവനത്തിലിരിക്കവെ 31-10-2011-ൽ നിര്യാതനായ കെ . ജി കൃഷ്ണകുമാർ - ന്റെ ഭാര്യ ആലപ്പുഴ , ചെങ്ങന്നൂർ , പാണ്ടനാട് , കൊറ്റാട്ട് വീട്ടിൽ ശ്രീമതി.മിനി ആശ്രിത നിയമനത്തിനായി 8-12-2011-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ സർവീസ് ചട്ടം രൂപീകരിച്ച് തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ 2020 വരെ സ്ഥിര നിയമനങ്ങളൊന്നും നടത്തിയിരുന്നില്ല. സ്ഥിരം നിയമനം ലഭിയ്ക്കാത്തതിനെ തുടർന്നും, ആരോഗ്യപരമായ കാരണങ്ങളാലും ശ്രീമതി.മിനി ആശ്രിത നിയമനത്തിനുള്ള അപേക്ഷ പിൻവലിയ്ക്കുകയും, പകരം ടിയാരിയുടെ മകൻ ശ്രീ. അഖിലിന് ആശ്രിതനിയമനം നൽകുന്നതിന് സമ്മതപത്രം നൽകുകയും, തുടർന്ന് 3-3-2019 ൽ ശ്രീ. അഖിൽ.കെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

2. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, നിയമന ചട്ടം എന്നിവ നിർണയിച്ച് യഥാക്രമം പരാമർശം (1), (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്- ൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 7 പേരുടെ അപേക്ഷകൾ സർക്കാരിന്റെ അംഗീകാരത്തിനായി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. അതിൽ ശ്രീ.അഖിലിന്റേത് ഉൾപ്പടെ 2 അപേക്ഷകൾ അപേക്ഷ സമർപ്പിയ്ക്കുവാൻ കാലതാമസം നേരിട്ടു എന്ന കാരണത്താൽ (ജീവനക്കാരൻ മരിച്ച് 5 വർഷം കഴിഞ്ഞതിനാൽ) സർക്കാർ പരിഗണിച്ചിരുന്നില്ല. സർക്കാരിന്റെ പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച്, മാനുഷിക പരിഗണന നല്കി അപേക്ഷ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.അഖിൽ.കെ പരാമർശം 3 പ്രകാരം വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രാവൻകൂർഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ സേവനത്തിലിരിക്കവെ 31-10-2011-ൽ നിര്യാതനായ കെ . ജി കൃഷ്ണകുമാർ - ന്റെ മകൻ ശ്രീ. അഖിൽ.കെ ആശ്രിത നിയമനം ലഭിയ്ക്കുന്നതിനായി അപേക്ഷ

സമർപ്പിക്കുന്നതിലുണ്ടായ 2 വർഷം 4 മാസം 4 ദിവസത്തെ കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ. അഖിൽ.കെ ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും (അസൽ) തുടർനടപടികൾ സ്വീകരിക്കുന്നതിനായി ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഇതിനാൽ നിഷ്കർഷിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഖിൽ.കെ, കൊറ്റാട്ട് വീട്, പാണ്ടനാട് പടിഞ്ഞാറ് പി.ഒ, ചെങ്ങന്നൂർ, ആലപ്പുഴ-689506
2. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, തിരുവല്ല.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പ്
5. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (BPE2/204/2023-PLGEA പ്രകാരം)
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Premlal D
Date: 06-01-2024 17:22:16
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-01-2024

ഫയൽ നം. 85/ജി2/2023/നികുതി. ഇനം നം: 1957

വിഷയം : നികുതി വകുപ്പ് - ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീ. അഖിൽ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

US

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 85/ജി2/2023/നികുതി |
| 2. | വകുപ്പ് | : | നികുതി (ജി) വകുപ്പ് |
| 3. | വിഷയം | : | ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീ.അഖിൽ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 23-11-2023 |
| 5.<br>(i)<br><br>(ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | (I) ഇല്ല<br>(ii) ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രമോദ് എം. വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക്. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12-12-2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു. വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18-12-2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി. രാജേഷ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19-12-2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22-12-2023 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | -12-2023 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. അഖിൽ. കെ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, നിയമന ചട്ടം എന്നിവ 2020 ൽ അംഗീകരിച്ച് ഉത്തരവായിരുന്നു. അതിനെത്തുടർന്ന് ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പ്രസ്തുത കമ്പനിയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി അപേക്ഷിച്ച 7 പേരുടെ അപേക്ഷകൾ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അതിൽ ശ്രീ.അഖിലിന്റെ അടക്കം 2 അപേക്ഷകൾ അപേക്ഷ സമർപ്പിയ്ക്കുവാൻ കാലതാമസം നേരിട്ടു എന്ന കാരണത്താൽ (ജീവനക്കാരൻ മരിച്ച് 5 വർഷം കഴിഞ്ഞതിനാൽ) സർക്കാർ പരിഗണിച്ചിരുന്നില്ല.

3. ശ്രീ.അഖിലിന്റെ പിതാവ് ശ്രീ. കൃഷ്ണകുമാർ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ സേവനത്തിലിരിക്കവെ 31-10-2011-ൽ മരണപ്പെട്ടതിനെത്തുടർന്ന്, അഖിലിന്റെ അമ്മ ശ്രീമതി.മിനി ആശ്രിത നിയമനത്തിനായി 8-12-2011-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. തസ്തിക സൃഷ്ടിക്കാത്തതിനാൽ സ്ഥിരം നിയമനം ലഭിയ്ക്കാത്തതിനെ തുടർന്നും, 59 വയസ്സായതിനെത്തുടർന്നുള്ള ആരോഗ്യപരമായ കാരണങ്ങളാലും, ടിയാൾ ആശ്രിത നിയമനത്തിനുള്ള അപേക്ഷ പിൻവലിയ്ക്കുകയും, മകനായ ശ്രീ അഖിലിന് നിയമനം നൽകുന്നതിന് സമ്മതപത്രം നൽകുകയും, തുടർന്ന് 3-3-2019 ൽ ശ്രീ. അഖിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത അപേക്ഷയാണ് അപേക്ഷ സമർപ്പിക്കുന്നതിലുള്ള കാലതാമസം നേരിട്ടു എന്ന കാരണത്താൽ സർക്കാർ നിരസിച്ചത്. അതിനാൽ സർക്കാരിന്റെ പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച്, മാനുഷിക പരിഗണന നല്കി അപേക്ഷ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.അഖിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

4. മരണപ്പെട്ട ശ്രീ.കൃഷ്ണകുമാറിന്റെ ഭാര്യ ശ്രീമതി. മിനി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ ആശ്രിത നിയനത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, തസ്തിക സൃഷ്ടിക്കാത്തതിനാൽ അപേക്ഷകയ്ക്ക് സ്ഥിരം നിയമനം നൽകാൻ കഴിഞ്ഞിരുന്നില്ല. 2020 ലാണ് ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ സ്റ്റാഫ് പാറ്റേണും നിയമന ചട്ടവും അംഗീകരിച്ച്

നൽകിയിരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജീവനക്കാരൻ മരണപ്പെട്ട് 5 വർഷത്തിനുള്ളിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്. ശ്രീ.അഖിൽ അപേക്ഷ സമർപ്പിച്ചത് ടിയാന്റെ അച്ഛൻ മരിച്ച് 5 വർഷത്തിനുശേഷമാണ്. അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷം 4 മാസം 4 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ ശ്രീ.അഖിലിന്റെ അപേക്ഷയിൽ മുൻകാല പ്രാബല്യം (അഖിലിന്റെ അമ്മ അപേക്ഷ സമർപ്പിച്ച തീയതി) നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"ശ്രീ. അഖിൽ സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള കാരണങ്ങൾ പരിഗണിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചതിലെ കാലതാമസം മാപ്പാക്കി ശ്രീ. അഖിലിന് നിയമനത്തിന് അനുമതി നൽകുന്ന വിഷയത്തിൽ ബഹു. മന്ത്രിസഭയുടെ പ്രത്യേകാനുമതിയോടെ ഭരണവകുപ്പിനു തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു."*

6. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

തിരുവല്ലയിൽ പ്രവർത്തിയ്ക്കുന്ന ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ ആശ്രിതനിയമന വ്യവസ്ഥയിൽ നിയമനം ലഭിയ്ക്കുന്നതിനായി ശ്രീ. അഖിൽ.കെ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 2 വർഷം 4 മാസം 4 ദിവസത്തെ കാലതാമസം മാപ്പാക്കി നൽകാമോ **?**